പാഠം·3

# എന്നുമീ യാത്ര

ക്ലാസ് ·7
കേരളപാഠാവലി
യൂണിറ്റ് ·2
നിത്യമീയാത്രതൻ വിസ്മയങ്ങൾ

## പാഠാസൂത്രണം

| | |
|---|---|
| പാഠത്തിന്റെ പേര് | : എന്നുമീ യാത്ര |
| അദ്ധ്യാപികയുടെ പേര് | : രഞ്ജന ആർ |
| വിദ്യാലയത്തിന്റെ പേര് | : എസ്.വി.എം.യു.പി.സ്കൂൾ, വെട്ടൂർ, പത്തനംതിട്ട |
| പഠനലക്ഷ്യങ്ങൾ | : അനുയോജ്യമായ താളം, ഈണം, പദപ്രയോഗം, അക്ഷരവിന്യാസം തുടങ്ങിയവ കവിതയെ ആകർഷകമാക്കുന്നു എന്ന ധാരണ നേടുന്നു. |
| | : സാഹിത്യകൃതികളിലൂടെ ആവിഷ്കരിക്കപ്പെട്ട വൈവിധ്യമാർന്ന വായനാനുഭവങ്ങൾ സ്വാംശീകരിച്ച് വ്യാഖ്യാനിക്കുകയും വ്യത്യസ്ത സന്ദർഭങ്ങളിൽ ഉപയോഗപ്പെടുത്തുകയും ചെയ്യുക. |
| | : കൃതികളിലെ ആശയം യുക്തിപൂർവ്വം വിശകലനം ചെയ്ത് സ്വന്തം അഭിപ്രായങ്ങൾ പറഞ്ഞും എഴുതിയും അവതരിപ്പിക്കുക |
| ആശയം/തീം | : യാത്ര |
| ഉപാശയങ്ങൾ | : അറിവും അനുഭൂതിയും അത്ഭുതവുമെല്ലാം പകരുന്നവയാണ് യാത്രകൾ |
| | : ജീവിതം യാത്രയാണ് |
| സാഹിത്യരൂപം | : കവിത |

ആശയം / ധാരണ : അനുയോജ്യമായ താളം, പദപ്രയോഗം, അക്ഷര വിന്യാസം തുടങ്ങിയവ കവിതയെ ആകർഷകമാക്കുന്നു.

ശേഷികൾ / നൈപുണികൾ : കവിതകളിലെ പ്രയോഗഭംഗി, അർത്ഥഭംഗി, കാവ്യഭംഗി തിരിച്ചറിഞ്ഞ് ആസ്വദിക്കുന്നു. സ്വന്തം രചനകളിൽ പ്രയോഗിക്കുന്നു.

മൂല്യം / മനോഭാവം : അഭിരുചിക്കനുസരിച്ച് പുസ്തകങ്ങൾ തിരഞ്ഞെടുത്ത് വായിക്കുന്നതിനുള്ള മനോഭാവം

: കഥ, കവിത തുടങ്ങിയവ സ്വന്തമായി എഴുതുന്നതിനും അവ കവിതയരങ്ങ്, കഥയരങ്ങ് എന്നിവയിൽ അവതരിപ്പിക്കുന്നതിനുള്ള മനോഭാവം.

ഭാഷാ വസ്തുതകൾ : പ്രയോഗ ഭംഗി

വ്യവഹാര രൂപങ്ങൾ : ചർച്ചാക്കുറിപ്പ്, വിശകലനക്കുറിപ്പ്, വായനക്കുറിപ്പ്

വിലയിരുത്തൽ : ഭാഷാപ്രകടനം, ചർച്ചയിലെ പങ്കാളിത്തം, കവിത ചൊല്ലൽ, രചനകളിലെ ആശയവ്യക്തത.

പഠനസാമഗ്രികൾ : യാത്രാ കവിതകൾ, Laptop, HB, TB, ചാർട്ട്, മാർക്കർ

സഹായകഗ്രന്ഥങ്ങൾ : അഗ്നിശലഭങ്ങൾ (ഒ.എൻ.വി.) നിത്യകല്യാണി (ഒ.ഉച്ചമണ്ണ)

## പാഠാവതരണം

ജീവിതം യാത്രയാണ് എന്ന ആശയം വളരെ പഴക്കമുള്ളതാണ്. ശൈശവ, ബാല്യ, കൗമാര, യൗവന, വാർദ്ധക്യങ്ങളിലൂടെയുള്ള ജീവിതയാത്രയും, വനജീവിതത്തിൽ നിന്ന് കൃഷിയിലൂടെ, നാഗരികതയിലൂടെയുള്ള മനുഷ്യവംശയാത്രയും, ഏകകോശത്തിൽ നിന്ന് മനുഷ്യനിലേക്കുള്ള ജീവപരിണാമയാത്രയും ജീവിതയാത്ര എന്ന ആശയത്തിന്റെ അടിത്തറയാണ്. ഒ.എൻ.വി.യുടെ 'എന്നുമീ യാത്ര' എന്ന ഈ കവിത ഈ ആശയങ്ങൾ എല്ലാം ഉൾക്കൊള്ളുന്നു. 'എന്നുമീ', 'അതിരില്ലാത്തതല്ല', 'തീർച്ചയേതുമല്ല' എന്നീ പ്രയോഗങ്ങൾ യാത്രയുടെ കാലത്തുടർച്ചയെയാണ് സൂചിപ്പിക്കുന്നത്. കവി യാത്ര

തുടരുന്നതും ഭൂമിയിലൂടെയാണ്. തലമുറകളുടെയും സംസ്കാര-
ങ്ങളുടെയും പാരമ്പര്യങ്ങളുടെയും ഈടുവെപ്പുകൾ നിറഞ്ഞതാണ്
ഭൂമി ജീവിതം. കാലം ജീവിതത്തിന് അതിര് വരമ്പിടുന്നു
എന്നാൽ കവി അതിനെയും ലംഘിച്ച് കാലാതീതമായിട്ടാണ്
യാത്ര പോകുന്നത്. ഈ മനുഷ്യവംശത്തിന്റെ തന്നെ ഭാഗമാണ്
അതിന്റെ പ്രതിനിധിയായി കവി നിൽക്കുന്നു.

- കുട്ടികളോട് അവർ ഓർത്തു വയ്ക്കാൻ ഏറ്റവും ഇഷ്ടപ്പെടുന്ന ചില കാര്യങ്ങൾ പറയാൻ ടീച്ചർ ആവശ്യപ്പെടുന്നു
- എല്ലാ കുട്ടികൾക്കും അവസരം നൽകുന്നു
- ടീച്ചർ താൻ ഏറ്റവും ഇഷ്ടപ്പെടുന്ന അനുഭവം ക്ലാസിൽ അവതരിപ്പിക്കുന്നു.

- സ്ലൈഡ് പ്രദർശനം

ഓർമ്മകളും അനുഭൂതികളും
നാളെകളെ കൂടുതൽ പ്രകാശപൂരിതമാക്കും
ഇന്നലെയുടെ നൊമ്പരങ്ങളെ
നാളെയുടെ നാമ്പുകളാക്കി മാറ്റൂ.
കുറവുകളെ നിറവുകളാക്കാം.

- സ്ലൈഡിനെ ആസ്പദമാക്കി ടീച്ചർ ചില ചോദ്യങ്ങൾ ചോദിക്കുന്നു.

1, നല്ല അനുഭവങ്ങൾ നമ്മുടെ ജീവിതത്തിന് നൽകുന്ന സവിശേഷത / ഗുണം എന്താണ്?

2, വേദനിപ്പിക്കുന്ന അനുഭവങ്ങളെ നമ്മൾ എങ്ങനെയാണ് നോക്കിക്കാണേണ്ടത്

- കുട്ടികളുടെ സ്വതന്ത്ര പ്രതികരണം

**ക്രോഡീകരണം**

അനുഭവങ്ങൾ ഉലയിലിട്ട പൊന്നു പോലെയാണ്. ജീവിതത്തെ തിളക്കം ഉള്ളതാക്കി മാറ്റാൻ അനുഭവങ്ങൾക്കും അനുഭൂതികൾക്കും കഴിയുന്നു. ദുഃഖങ്ങളും കുറവുകളും നാളേക്കുള്ള സുഖത്തിന്റെ നിറവിലേക്കുള്ള വഴികാട്ടിയായി മാറേണ്ടവയാണ് അതാണ് ജീവിത യാത്രയും.

- ഇന്നലെകളുടെ ഓർമ്മകൾ ഇന്നിന്റെ നിലനില്പിനും നാളേയ്ക്കുള്ള യാത്രയ്ക്കും എങ്ങനെ പ്രചോദനമാകുന്നു എന്ന് കവി അവതരിപ്പിച്ചിരിക്കുന്നത് നമുക്ക് നോക്കാം.
- കുട്ടികൾ 'എന്നുമീ യാത്ര' എന്ന കവിത വ്യക്തിഗതമായി വായിക്കുന്നു.
- കുട്ടികൾ അവർക്ക് അനുയോജ്യമായ ഈണത്തിൽ കവിത ചൊല്ലുന്നു.
- കവിതയുടെ ഓഡിയോ കേൾപ്പിക്കുന്നു
- ടീച്ചറുടെ ആലാപനം

കവിതയുടെ അവതരണം ടീച്ചർ വിലയിരുത്തുന്നു.

**പ്രതികരണം / വിലയിരുത്തൽ**

- **വരികൾ കണ്ടെത്താം** (ഭാഷാകേളി)
- ടീച്ചർ പറയുന്ന ആശയങ്ങൾ വരുന്ന വരികൾ കണ്ടെത്താൻ കുട്ടികളോട് ആവശ്യപ്പെടുന്നു.
- ബെഞ്ച് ഗ്രൂപ്പുകൾ തമ്മിൽ മത്സരം.
- ടീച്ചർ പറയുന്ന ആശയം ആദ്യം കണ്ടെത്തുന്ന ഗ്രൂപ്പിന് പോയിന്റ് നൽകുന്നു.

| | |
|---|---|
| ജീവിത യാത്രയ്ക്ക് തുടക്കവും ഒടുക്കവും ഇല്ല | ആദിയില്ലന്തമില്ല,...... |
| ഇന്നലെയുള്ളവരും ഇന്നുള്ളവരും നാളെയുള്ളവരും പ്രിയങ്കരായി മാറുന്നു. | ഇന്നലെ, ഇന്ന്, നാളെയു-മെല്ലാം.... |
| കവി തന്റെ കാവ്യശക്തിയിൽ അഭിമാനിക്കുന്നു | എന്റെയുള്ളിൽ പതഞ്ഞു പൊന്തുന്നു |
| മൺമറഞ്ഞവർ പാടിയ ഗാനങ്ങൾ അനശ്വരങ്ങളാണ് | ഇന്നലെയവർ പാടിയ രാഗ... |
| കാവ്യത്തെ അതിജീവിക്കുന്ന ഭുവനാലോകത്ത് കവി സഞ്ചരിക്കുന്നു | കാലമാം മഹാമിഥ്യയെ വെന്നു. |
| | |

- തുടർന്ന് ഒരു ഗ്രൂപ്പ് പറയുന്ന വരിയുടെ ആശയം അടുത്ത ഗ്രൂപ്പ് കണ്ടെത്തിപ്പറയുന്നു.
- ആദ്യ പ്രവർത്തനത്തിലും മാറി മാറി കൊടുക്കുന്നു.
- കുട്ടികളുടെ ~~[illegible]~~ പ്രതികരണം ടീച്ചർ വിലയിരുത്തുന്നു.

വിലയിരുത്തൽ → ടീച്ചറുടെ വിലയിരുത്തൽ

● **അർത്ഥം കണ്ടെത്താം**

- കുട്ടികൾ കവിതാഭാഗം ആവർത്തിച്ചു വായിക്കുന്നു
- പരിചിതമല്ലാത്ത പദങ്ങൾ അടയാളപ്പെടുത്തുന്നു
- അടയാളപ്പെടുത്തിയ പദങ്ങൾ നിഘണ്ടു സഹായത്തിൽ എഴുതാൻ ആവശ്യപ്പെടുന്നു.

- അർത്ഥം പാഠപുസ്തകത്തിലെ പദപരിചയം നോക്കി ഉറപ്പുവരുത്തുന്നു.

നിഘണ്ടു വിലയിരുത്തൽ

## പ്രയോഗഭംഗി കണ്ടെത്താം

- പ്രയോഗ ഭംഗി നൽകുന്ന പദക്കൂട്ടങ്ങൾ ടീച്ചറും കുട്ടികളും ചേർന്ന് പട്ടികപ്പെടുത്തുന്നു.
- അവയുടെ പ്രയോഗഭംഗി കുട്ടികൾ കണ്ടെത്തി പറയുന്നു
- ടീച്ചറുടെ ക്രോഡീകരണം

- "പതഞ്ഞു പൊന്തുന്ന മുന്തിരിനീര്".
  കവിയുടെ ജീവിതത്തെ മുന്നോട്ടു നയിക്കുന്ന കവിത്വത്തിന്റെ ശക്തി.
- "രാഗസുന്ദരങ്ങളാം ഗാനങ്ങൾ"
  ആനന്ദത്തിൽ ലയിപ്പിക്കുന്ന മനോഹരഗാനങ്ങൾ
- "എൻ വിപഞ്ചികതൻ തന്ത്രികൾ തോറും അദൃശ്യ പുഷ്പങ്ങൾ"
  വീണക്കമ്പികളാകുന്ന ലതകളിൽ വിരിയുന്ന സ്വരങ്ങൾ ആകുന്ന പുഷ്പങ്ങൾ
- "വർണ്ണമാദക മഞ്ജരീലാസ്യം"
  കവിത നൽകുന്ന ആനന്ദവും കവിതയിലെ താളലയഭംഗിയും

- "നിർവൃതിയുടെ പീയൂഷം"

  കാവ്യാസ്വാദനത്തിന്റെ പാരമ്യത്തിൽ ലഭിക്കുന്ന പൂർണ്ണമായ സംതൃപ്തി

- 'കാലമാം മഹാമിഥ്യ'

  കാലം എന്നത് ഒരു തോന്നൽ മാത്രമാണ്

- "പ്രിയസ്വപ്നഭൂമി"

  കവി ഇഷ്ടപ്പെടുന്ന സംഗീതത്തിന്റെയും കാവ്യത്തിന്റെയും ഭാവനാലോകം

- കവിത വീണ്ടും വായിക്കാൻ കുട്ടികളോട് ആവശ്യപ്പെടുന്നു.

  "കാലമാം മഹാമിഥ്യയെ വെന്നു,
  കാണാത്ത തീരങ്ങൾ മുന്നിൽ."

- ഈ വരികൾ ടീച്ചർ BB യിൽ പ്രദർശിപ്പിക്കുന്നു
- ടീച്ചർ ചൂണ്ടിക്കാണിച്ച വരികളുടെ ആശയം കുട്ടികൾ ചർച്ച ചെയ്യുന്നു

  – ചർച്ചാ ചോദ്യങ്ങൾ

  - കാലത്തെ സൂചിപ്പിച്ചിരിക്കുന്നത് എങ്ങനെ?
  - എന്തുകൊണ്ടാണ് മഹാമിഥ്യ എന്ന് വിശേഷിപ്പിച്ചിരിക്കുന്നത്?
  - കാണാത്ത തീരങ്ങൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?

- കുട്ടികളുടെ സ്വതന്ത്ര പ്രതികരണം
- അവർ പറയുന്ന ആശയങ്ങളെ ടീച്ചർ ക്രോഡീകരിക്കുന്നു

## - ക്രോഡീകരണം -

കവി സ്വപ്നയാത്ര നടത്തുകയാണ്. കാലമാകുന്ന വലിയ അശ്വത്തെ തോൽപ്പിച്ച് കാണാത്ത തീരങ്ങളെ യാത്രയിൽ കവി മുന്നിൽ കാണുകയാണ്. കാലം എന്നത് ആദിയും അന്തവും ഇല്ലാത്തതാണ്.

### വിലയിരുത്തൽ

ടീച്ചറുടെ വിലയിരുത്തൽ

- **ചർച്ച ചെയ്യാം, എഴുതാം**

"എന്റെയുള്ളിൽ പതഞ്ഞു പൊന്തുന്ന
മുന്തിരി നീരിനെന്തൊരു വീര്യം".

- ഈ വരികൾ BB യിൽ എഴുതി പ്രദർശിപ്പിക്കുന്നു
- ചൊല്ലി കേൾപ്പിക്കുന്നു

- **ചർച്ചാ ചോദ്യങ്ങൾ**

1. കവി ഇവിടെ മുന്തിരി നീര് എന്ന് പറഞ്ഞിരിക്കുന്നത് എന്തിനെയാണ്?
2. മുന്തിരി നീരിന്റെ വീര്യം എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് എന്താവാം?
3. തന്റെ കവിത്വ ശക്തിയുടെ ആവിഷ്കാരം എങ്ങനെയെന്നാണ് കവി അവതരിപ്പിച്ചിരിക്കുന്നത്?

- കുട്ടികളുടെ സ്വതന്ത്ര പ്രതികരണം.

ഇത്തരം കല്പനകളും ഭാഷാ ഭംഗികളും കുട്ടികൾ സ്വയം കണ്ടെത്തി അവരുടെ ഭാവനയ്ക്ക് അനുസരിച്ച് മനസിൽ അവതരിപ്പിക്കുന്നു.

## ക്രോഡീകരണം

- കവികളുടെ മനസ്സിൽ രൂപപ്പെടുന്ന കാവ്യ സങ്കല്പങ്ങളാണ് കവിതയായി വിരിയുന്നത്.
- ഈ കാവ്യസങ്കല്പങ്ങൾ കവിതാ രചനയ്ക്കുള്ള ഊർജ്ജം
- മനസ്സിൽ നിറഞ്ഞു പൊന്തുന്ന മുന്തിരിച്ചാറാണ് കവിതയെഴുതാനുള്ള പ്രചോദക ശക്തി.

കാവ്യസങ്കല്പങ്ങളെ മുന്തിരിച്ചാറിന്റെ പ്രചോദകശക്തിയോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു.

ചർച്ചയിലെ പങ്കാളിത്തം പ്രകടനം ടീച്ചർ വിലയിരുത്തുന്നു.

### വിലയിരുത്തൽ

## ഈണത്തിൽ ചൊല്ലാം

കവിതയുടെ ആശയം ഉൾക്കൊണ്ട് കവിതയ്ക്ക് ഈണം കണ്ടെത്താൻ കുട്ടികളോട് നിർദ്ദേശിക്കുന്നു

- വ്യത്യസ്ത ഈണങ്ങളിൽ ചൊല്ലിയവ കേൾക്കാൻ അവസരം നൽകുന്നു.

ടീച്ചറുടെ വിലയിരുത്തൽ

### വിലയിരുത്തൽ

## വിശകലനം ചെയ്യാം

- പാഠപുസ്തകത്തിൽ കൊടുത്തിരിക്കുന്ന രണ്ട് കവിതാഭാഗങ്ങളും ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.

- "ഇന്നലെപ്പോയ് മറഞ്ഞവരെല്ലാം
 ............
 ഇന്നദൃശ്യപുഷ്പങ്ങളായ് നിൽപ്പൂ"
 - എന്നുമീ യാത്ര

- "അന്നു പാടിയ പാട്ടിലൂ...
 ............
 കിളിമകൾ പാടി"
 എന്റെ മലയാളം
 (ഒ.എൻ.വി.)

- ഈ രണ്ടു കവിതാഭാഗങ്ങളിലും ആവിഷ്കരിച്ചിരിക്കുന്ന ആശയതലമെന്താണ് വിശകലനക്കുറിപ്പ് തയ്യാറാക്കുക.

- ചർച്ചാസൂചകങ്ങൾ

(1) രണ്ടു കവിതയിലും സൂചിപ്പിച്ചിരിക്കുന്നത് എന്താണ്?
(2) പൂർവ കവികൾ തന്നെ എങ്ങനെ സ്വാധീനിച്ചു എന്നാണ് കവി പറയുന്നത്?
(3) തന്റെ മുന്നിൽ സഞ്ചരിച്ചവരെക്കുറിച്ചുള്ള കവിയുടെ കാഴ്ചപ്പാട് എന്ത്?
(4) പൂർവ്വ കവികളുടെ കാലത്ത് മലയാള കവിതയുടെ അവസ്ഥയെ കുറിച്ച് കവി പറഞ്ഞിരിക്കുന്നതെന്ത്?

- കുട്ടികളുടെ സ്വതന്ത്ര പ്രതികരണം

ടീച്ചറുടെ ക്രോഡീകരണം

"എന്നുമീ യാത്ര എന്ന കവിതയിലും 'എന്റെ മലയാളം' എന്ന കവിതയിലും പൂർവ്വകവികൾ തന്റെ കാവ്യജീവിതത്തെ എങ്ങനെ സ്വാധീനിച്ചിരിക്കുന്നുവെന്ന് ഒ.എൻ.വി അവതരിപ്പിക്കുകയാണ്. അവർ പാടിയ

വിപഞ്ചികയുടെ
സുന്ദരമായ ഗാനങ്ങൾ കവിയുടെ അദൃശ്യ
തന്ത്രിയിൽ ഗാനപുഷ്പങ്ങൾ എന്ന പോലെ അദൃശ്യ
സാന്നിദ്ധ്യമാവുകയാണ് എന്ന് എന്നാമീ യാത്രയാൽ മലയാളഭാഷയുടെ
പറയുന്നു. 'എന്റെ മലയാളത്തിലാകട്ടെ
ബാല്യകാലത്തെ സൗന്ദര്യത്തെയും, ലാളിത്യത്തെയും
സൂചിപ്പിക്കുന്നു. കൂടാതെ ഭാഷയുടെ വളർച്ചയെയും
എഴുത്തച്ഛൻ തുടങ്ങിയ പൂർവ്വികർ നൽകിയ സംഭാവന
കളെയും സ്മരിക്കുന്നു. ഇന്നലെകളിൽ മറഞ്ഞവരുടെയെല്ലാം
ഗാനങ്ങൾ കവിയുടെയുള്ളിൽ ഉയിർത്തെഴുന്നേറ്റ്
അവയുടെ അനശ്വരമായ ജീവിതം തുടരുന്നതായി
പരോക്ഷമായി അവതരിപ്പിക്കുകയാണിവിടെ.

## ശീർഷകവിശകലനം

- കുട്ടികളോട് യൂണിറ്റിന്റെ ശീർഷകം ശ്രദ്ധിക്കാൻ ആവശ്യപ്പെടുന്നു.
- —
  - ? നീളുമീ യാത്രതൻ വിസ്മയങ്ങൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
  - ? യാത്രകൾ വിസ്മയങ്ങളാകുന്നതെങ്ങനെ?
  - ? നീളുമീ യാത്ര എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
  - ? ഈ യൂണിറ്റിൽ നൽകിയിരിക്കുന്ന പാഠങ്ങൾ ഈ തലക്കെട്ടിനോട് എത്ര മാത്രം യോജിക്കുന്നു?
  - ? മറ്റ് ഉദാഹരണങ്ങളുടെയോ അനുഭവങ്ങളുടെയോ അടിസ്ഥാനത്തിൽ യാത്രകളെക്കുറിച്ചുള്ള കാഴ്ചപ്പാട് പറയാൻ അവസരം നൽകുന്നു
- കണ്ടെത്തിയ ആശയങ്ങൾ ഉൾക്കൊള്ളുന്ന തരത്തിൽ കുട്ടികൾ വ്യക്തിഗതമായി ശീർഷക വിശകലനം ചെയ്യുന്നു

**വിലയിരുത്തൽ സൂചകങ്ങൾ**

- ഉള്ളടക്കത്തിന്റെ ആശയത്തിന് അനുസരിച്ചുള്ളതാണ്
- ആകർഷകമായ രീതിയിൽ അവതരിപ്പിച്ചിട്ടുണ്ട്.
- ഉള്ളടക്കത്തിലെ ആശയങ്ങൾ സംക്ഷിപ്തമായി എഴുതിയിട്ടുണ്ട്.

## വിലയിരുത്തൽ

പ്രക്രിയകളടങ്ങൾ
അനുസരിച്ച്
സ്വയം വിലയിരുത്തൽ
പരസ്പര വിലയിരുത്തൽ
ടീച്ചറുടെ വിലയിരുത്തൽ
എന്നിവ നടത്തുന്നു

## എഴുത്തുകാരനെ അറിയാം

ഒ.എൻ.വി. കുറുപ്പ്

ഒറ്റപ്ലാക്കൽ നീലകണ്ഠൻ വേലുക്കുറുപ്പ് എന്നാണ് പൂർണ്ണനാമം. 1931 മെയ് 27ന് ജനനം. ജന്മദേശം കൊല്ലം ജില്ലയിലെ ചവറ. 1946-ൽ പതിനഞ്ചാം വയസ്സിൽ ആദ്യ കവിതയായ മുന്നോട്ട് അച്ചടിക്കപ്പെട്ടു. മലയാളത്തിലെ ആധുനിക കവിതയ്ക്ക് ഭാവുകത്വപരമായ പൂർണ്ണത നൽകുന്നതിനും, കവിതയെ സാധാരണ ജനങ്ങളിലെത്തിക്കുന്നതിനും മുന്നിൽ നിന്നവരിൽ പ്രമുഖൻ.

പുരസ്കാരങ്ങൾ: സോവിയറ്റ് ലാൻഡ് നെഹ്റു അവാർഡ്, വയലാർ അവാർഡ്, പത്മശ്രീ, എഴുത്തച്ഛൻ പുരസ്കാരം, ആശാൻ പ്രൈസ്, ഓടക്കുഴൽ അവാർഡ്, പത്മവിഭൂഷൺ, വള്ളത്തോൾ പുരസ്കാരം, ജ്ഞാനപീഠം പുരസ്കാരം.

കൃതികൾ: അഗ്നിശലഭങ്ങൾ, അക്ഷരം, ഉപ്പ്, മാണിക്യവീണ, കറുത്ത പക്ഷിയുടെ പാട്ട്, ഭൈരവന്റെ തുടി, സ്വയംവരം, ഭൂമിക്കൊരു ചരമഗീതം, ശാർങ്ഗകപ്പക്ഷികൾ, മയിൽപ്പീലി, ഉജ്ജയിനി etc. 2016 ഫെബ്രുവരി 13ന് അന്തരിച്ചു.

## പ്രതിഫലനാത്മക കുറിപ്പുകൾ